ലം തട്ടേശവാസിയായ ഒരു നായർ ജന്മിയുടേതാണ്. പുലയരുടെ വക പുരാതനമായി അവിടെയുണ്ടായിരുന്ന ക്ഷേത്രം ജീർണ്ണോദ്ധാരണംചെയ്ത പുതിയതായി പണിയിച്ചതു് അവരുടെ സമ്മതപ്രകാരമാണ്. ഉത്സവത്തിനു് ആനയേയും മറ്റും ചിലവുചെയ്തു കൊണ്ടുവന്നതു് ആ ദേശത്തെ പുലയർതന്നെയാണ്. സംരക്ഷണ വകുപ്പിൽനിന്നല്ല. സംരക്ഷകൻ അന്നു കൃാമ്പ് ചെയ്തതു കുണ്ടന്നൂർ ആണ്.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—സംരക്ഷണവകുപ്പിലേയ്ക്കു് ആനയും പൂജാരിയും എന്തിനാണു് ?

രാമവമ്മ തമ്പുരാൻ.—സംരക്ഷണ വകുപ്പിൽനിന്നു രണ്ടാളുകളേ പോയിരുന്നുള്ളു.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—സംരക്ഷണവകുപ്പുകാരാണോ മടക്കി അയച്ചതു് ?

രാമവമ്മ തമ്പുരാൻ.—അല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഡിപ്പാർട്ടുമെണ്ടിൽ നിന്നാണോ കൊണ്ടുവന്നതെന്നു ചോദ്യം; ഡിപ്പാർട്ടുമെണ്ടിൽനിന്നും മടക്കി അയച്ചിട്ടില്ല എന്നു മറുപടി. ഈ ചോദ്യത്തിനുള്ള മറുപടി ശരിയാണോ ?

രാമവമ്മ തമ്പുരാൻ.—ആയിരിയ്ക്കുമെന്നാണ് തോന്നുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷകൻ പോയതു ഉത്സവം നടത്തുവാൻ വേണ്ടിയല്ലേ ?

രാമവമ്മ തമ്പുരാൻ.—നോട്ടീസു വേണം.

മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷകൻ സാധാരണയായി ഉത്സവം നടത്താറുണ്ടോ ?

രാമവമ്മ തമ്പുരാൻ.—നോട്ടീസു വേണം.

Colonies for the Depressed Classes in Chittur Taluk.

ഫസ്റ്റ്. മിസ്റ്റർ കെ. പി. വള്ളോൻ.—ചിറ്റൂർ താലൂക്കു നിവാസികളായ അധഃകൃതക്കുവേണ്ടി സംരക്ഷണവകുപ്പിൽനിന്നും എത്ര കോളനിയുണ്ടാക്കി കൊടുത്തിട്ടുണ്ടു്; ടി കോളനിവകയ്ക്കു ചിലവു ചെയ്തിട്ടുള്ള സംഖ്യയെത്ര ?

രാമവമ്മതമ്പുരാൻ.—ചിറ്റൂർ താലൂക്കിൽ മീനാക്ഷിപുരം, തിരുവഴിയാടു്, പയ്യാങ്കോടു്, വല്ലങ്കി എന്നു നാലു ദിക്കുകളിൽ കോളനികൾ സ്ഥാപിച്ചിട്ടുണ്ടു്. ടി കോളനികൾക്കു സ്ഥലം അക്വയർ ചെയ്തും മറ്റും ആയി ആകെ രൂ,വ൹൹൹-൹൹-൹ ഉറുപ്പിക ചിലവായിട്ടുണ്ടു്.

Houses built at Pachalam for the Valas.

ഫസ്റ്റ്. കെ. പി. വള്ളോൻ—(എ) പച്ചാളം വാല കോളനിയിൽ പണി ചെയ്തിട്ടുള്ള വീടുകൾ എത്ര?

(ഏ) ടി കോളനികൾ പണി ചെയ്യിപ്പിച്ചിട്ടുള്ളതു് ഏതു ഡിപ്പാർട്ടുമെണ്ടിൽ നിന്നാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly